# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/135/2018 2018 ജൂൺ 25

## പത്രക്കുറിപ്പ്

### എം.ജി.യിൽ അത്യാധുനിക ലബോറട്ടറി സമുച്ചയം:
### 132.75 കോടിയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഉന്നത അക്കാദമിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് 132.75 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭിച്ചു. അഞ്ച് നിലകളിലായി ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ളതും ലോകനിലവാരത്തിലുള്ളതുമായ ലബോറട്ടറി സമുച്ചയം ഇന്ത്യൻ സർവ്വകലാശാലകളിൽത്തന്നെ പ്രഥമസംരംഭമായാണ് കരുതപ്പെടുന്നത്. എം.ജി.യിലെ ബയോസയൻസ്, കെമിക്കൽ സയൻസസ്, ഫിസിക്സ്, എൻവയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ ശാസ്ത്രപഠനവകുപ്പുകൾക്ക് ഉന്നത നിലവാരമുള്ള ഗവേഷണത്തിനുപകരിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് സമുച്ചയം സ്ഥാപിക്കുന്നതിനായി സർവ്വകലാശാലാ രജിസ്ട്രാർ സമർപ്പിച്ച പദ്ധതിയ്ക്കാണ് സർക്കാർ അംഗീകാരമായത്.

പി.ജി., എം.ഫിൽ, പോസ്റ്റ് ഡോക്ടറൽ തലങ്ങളിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതിലെ ഗവേഷണ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനാകും. ഒരു ബഹുനില കെട്ടിടത്തിൽ തന്നെ വിവിധ ശാസ്ത്രപഠന ശാഖകളുടെ ഗവേഷണ ലാബുകളുടെ സമുച്ചയമാണ് സ്ഥാപിക്കുന്നത്. ശാസ്ത്രവിഷയങ്ങളിൽ അന്തർ വൈജ്ഞാനിക ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യംവച്ചാണ് ഈ ലബോറട്ടറി സമുച്ചയം രൂപകല്പന ചെയ്തിരിക്കുന്നത്. വിവിധ സയൻസ് പഠനവകുപ്പുകളുടെ ഏകോപിത ഗവേഷണ പ്രവർത്തനങ്ങൾക്കായി തികച്ചും പരിസ്ഥിതി സൗഹൃദവും സ്വയം പര്യാപ്തവുമായ ഒരു ആധുനിക ബഹുനില ലബോറട്ടറി സമുച്ചയമാണ് വിഭാവനം ചെയ്യുന്നത്. സൗരോർജ്ജവും പ്രകൃതിദത്ത പ്രകാശവും പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ജലം, മാലിന്യങ്ങൾ എന്നിവ സംസ്കരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാകും ഈ ലബോറട്ടറി സമുച്ചയം. ഓരോ പഠനവകുപ്പിനും 20000 ചതുരശ്രയടി വീതം ലഭ്യമാകുന്ന ഈ ഗവേഷണകേന്ദ്രത്തിൽ 81.5 കോടി രൂപയുടെ അത്യാധുനിക ലാബ് ഉപകരണങ്ങൾ സ്ഥാപിക്കും. 200ഓളം വാഹനങ്ങൾക്ക് പാർക്കിംഗിനുള്ള സൗകര്യവും ഈ സമുച്ചയത്തിൽ ലഭ്യമാക്കും.

കേരളാ ഇൻഫ്രാസ്ട്രക്ചർ ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) മേൽനോട്ടത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുക. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ശാസ്ത്രഗവേഷണത്തിന് ഇന്ത്യൻ സംസ്ഥാനങ്ങളിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ദേശീയ പ്രാധാന്യമുള്ള കേന്ദ്രമായി മാറുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു. കേരളത്തിൽ നിന്നും എം.ജി.യും കുസാറ്റും സമർപ്പിച്ച പദ്ധതികൾക്ക് മാത്രമാണ് ഭരണാനുമതി നേടാനായത്.

### എം.ജി. പി.ജി. ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 30 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 30 മുതൽ ആരംഭിക്കും. സർവ്വകലാശാല നേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/പട്ടികവർഗ്ഗ (എസ്.സി./എസ്.ടി.) /സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ്.ഇ.ബി.സി.)/മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം

നിൽക്കുന്നവർ (ഇ.ബി.എഫ്.സി.) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷൻ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് നടത്താവുന്നതാണ്. 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ്വേഡ് സൃഷ്ടിച്ച ശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീ ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 1100/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550/- രൂപയുമാണ്. ഇത്തരത്തിൽ അപേക്ഷാഫീസ് ഒടുക്കിയാൽ മാത്രമേ അപേക്ഷകന്റെ അക്കൗണ്ട് പ്രവർത്തനക്ഷമമാകുകയുള്ളൂ. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐ.ഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ അഞ്ച് വരെ നടത്താവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലൈ 16ന് നടത്തും.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷയുടെ പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വാട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലൈ 4-ാം തീയതിക്കകം നേരിട്ട് അപേക്ഷ സമർപ്പിക്കണം. അതിനാൽ ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്കും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്കുമുള്ള പ്രവേശനം സംബന്ധിച്ച സർവ്വകലാശാല വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജധികൃതർ വിജ്ഞാപനത്തിലുള്ള തീയതികൾക്കനുസൃതമായിതന്നെ പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. കോളേജധികൃതർ തങ്ങളുടെ ഇ-മെയിൽ ദിവസേന പരിശോധിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇമെയിൽ : pgcap@mgu.ac.in

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 18ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 28 വരെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂലൈ 2 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150/- രൂപയും സപ്ലിമെന്ററി വിദ്യാർത്ഥികൾ പേപ്പറൊന്നിന് 50 രൂപയും വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.സി.ജെ./എം.എസ്.ഡബ്ല്യു. & എം.ടി.എ. (2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ജൂൺ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ ഐ.എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ) & ഡി.ഡി. എം.സി.എ. (2014 - 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും.

**ബിരുദ ഗ്രേസ് മാർക്ക്/ഗ്രേഡ് കാർഡ് വിതരണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥി അദാലത്ത് തീരുമാനപ്രകാരം 2018 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടത്തിയ ബിരുദ പരീക്ഷകളിലെ ഗ്രേസ് മാർക്കുകൾ ഉൾപ്പെടുത്തിയ ഗ്രേഡ് കാർഡുകൾ

ജൂൺ 30ന് ശേഷം മാത്രം വിതരണം ചെയ്യുന്നതാണ്. അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള പി.ജി. പ്രവേശന ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 30 മുതൽ ആരംഭിക്കുന്നതിനുള്ള തീരുമാനത്തെ തുടർന്നാണ് ഇത്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ് (മോഡൽ 2, സി.ബി.സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ - വിഷ്വൽ പ്രോഗ്രാമിംഗ് ടെക്നിക്സ് - ജൂൺ 27 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (റഗുലർ/സപ്ലിമെന്ററി) ജൂൺ 2018 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ജൂലൈ 2 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ബി.എ. സൂക്ഷ്മപരിശോധന (തിരുത്ത്)**

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ പേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ജൂൺ 27, 28, 29 തീയതികളിൽ സർവ്വകലാശാലാ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. 8 (റൂം നമ്പർ 226) സെക്ഷനിൽ അസ്സൽ തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകണം.

**സിവിൽ സർവ്വീസ് പരിശീലനം: പട്ടിക പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിന്റെ കീഴിലുള്ള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ എൻട്രൻസ് പരീക്ഷയിൽ തെരഞ്ഞെടുക്കപ്പെട്ട 60 വിദ്യാർത്ഥികളുടെ സംവരണ ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള പട്ടിക പ്രസിദ്ധീകരിച്ചു. ഫലം www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവേശന തീയതി പിന്നീട് അറിയിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**